**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 313** **05-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ വി കെ പ്രശാന്ത് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി വ്യവസായ രംഗത്ത് അടിസ്ഥാന സൗകര്യം ലഭ്യമാക്കിക്കൊണ്ട് കെ.എസ്. ഐ.ഡി.സി യുടെ ആഭിമുഖ്യത്തിൽ കണ്ണൂർ, കോഴിക്കോട്, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ വളർച്ചാകേന്ദ്രങ്ങളിൽ സ്ഥലം, കെട്ടിടം എന്നിവ വ്യവസായികൾക്ക് അടിസ്ഥാന സൗകര്യങ്ങളോട് കൂടി ലഭ്യമാക്കുന്നുണ്ട്. എഞ്ചിനീയറിങ് / ജനറൽ വ്യവസായങ്ങൾക്ക് അവസരമൊരുക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി പാലക്കാട് ജില്ലയിൽ ലൈറ്റ് എഞ്ചിനീയറിങ് വ്യവസായ പാർക്ക് / ഇൻവെസ്റ്റ്മെന്റ് സോൺ, പാലക്കാട് സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ഒരു ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് (ആമ്പല്ലൂർ, എറണാകുളം) സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ തിരുവനന്തപുരത്ത് തോന്നക്കലിൽ കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ആലപ്പുഴ വ്യവസായ വളർച്ചാകേന്ദ്രത്തിൽ മെഗാ ഫുഡ്പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്. കൊച്ചി-ബാംഗ്ളൂർ ഇൻഡസ്ട്രിയൽ കൊറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് വ്യവസായ ഏകീകൃത ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലമെടുക്കൽ |

| | | | |
|---|---|---|---|
| | | | നടപടികൾ കിൻഫ്ര വഴി പുരോഗമിക്കുന്നുണ്ട്. വ്യവസായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ ക്രോഡീകരിക്കുന്നതിനായി പ്രാരംഭ മൂലധനം നല്കി വരുന്നു. വനിതാ സംരംഭകരുടെ വളർച്ചയ്ക്ക് വേണ്ടി 'വി മിഷൻ' എന്ന പദ്ധതിയിലൂടെ വായ്പ ധനസഹായം നൽകിവരുന്നു. ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്കു കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി നല്കി വരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നു. കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും, വായ്പ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19 തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതും ഒക്കെ സംസ്ഥാനത്ത് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ്. ഏറ്റവും പുതിയതായി സംസ്ഥാന സർക്കാരിന്റെ കോവിഡ് 19 സമാശ്വാസ പദ്ധതി പാക്കേജ് അനുസരിച്ച് പ്രവർത്തനമൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, തിരിച്ചുവരുന്ന പ്രവാസികൾക്ക് പ്രത്യേക സോഫ്റ്റ് ലോൺ പദ്ധതി, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പാ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നു മാസത്തേക്ക് കെ.എസ്.ഐ.ഡി.സി.യുടെ എസ്.ഡി.എഫ്.കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതു സൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടും ബാക്കി 80% അഞ്ചു വർഷം കൊണ്ട് പലിശരഹിത അടവോടും കൂടി വ്യാവസായിക വളർച്ചാ കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ കെ.എസ്.ഐ.ഡി.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവാരം ഉറപ്പാക്കി വിശ്വാസ്യത നേടിയെടുക്കുന്ന ആഗോള വിപണി ഉറപ്പാക്കാൻ വ്യവസായ വികസന കോർപ്പറേഷൻ കേരള ബ്രാൻഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കേരളത്തിൽ നിന്നുൽപ്പാദിപ്പിക്കുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും ആഗോള വിപണിയിൽ Made in Kerala എന്ന ഒരു ബ്രാൻഡ് മൂല്യം നേടിയെടുക്കണമെന്ന് ഒരു പൊതുവായ നിർദേശം വ്യവസായികളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിലേയക്ക് വ്യവസായങ്ങളെ സുശക്തമാക്കുവാനുള്ള നടപടികൾ എടുത്ത് "Made in Kerala" എന്ന കേരള ബ്രാൻഡ് മൂല്യം നേടിയെടുക്കാനാവശ്യമായ നടപടികൾ കെ.എസ്.ഐ.ഡി.സി. മുഖേന ചെയ്യുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |
| (സി) | കെ. എസ്. ഐ. ഡി. സി. യുടെ ആഭിമുഖ്യത്തിലുള്ള ബൃഹദ് പദ്ധതിയായ ലൈഫ് സയൻസ് പാർക്കിന്റെ പുരോഗതി അറിയിക്കാമോ; | (സി) | കെ.എസ്.ഐ.ഡി.സി, ലൈഫ് സയൻസസ് പാർക്ക് പദ്ധതി രണ്ട് ഘട്ടങ്ങളായിട്ടാണ് നടപ്പാക്കുന്നത്. കാര്യനിർവഹണ സൗകര്യാർത്ഥം ആദ്യ ഘട്ടത്തിൽ 75 ഏക്കറും രണ്ടാം ഘട്ടത്തിൽ 160 ഏക്കറും ഭൂമിയാണ് ഏറ്റെടുക്കാൻ തീരുമാനിച്ചത്. കോടതിയിൽ നിലനിന്നിരുന്ന കേസുകൾ കാരണം ഭൂമി ഏറ്റെടുക്കുന്നതിൽ ഗണ്യമായ കാലതാമസമുണ്ടായി, അതിന്റെ ഫലമായി ആദ്യ ഘട്ടത്തിൽ 70 ഏക്കർ ഭൂമിയും, രണ്ടാം ഘട്ടത്തിൽ 86 ഏക്കർ ഭൂമിയും നാളിതുവരെ ഏറ്റെടുത്തുകഴിഞ്ഞു. കോടതിയിൽ നിലനിൽക്കുന്ന കേസുകൾ കാരണം ബാക്കി ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല. ആദ്യ ഘട്ടത്തിൽ വിവിധ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ചെലവ് ആയി 374.73 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്. പാർക്കിൽ അത്യാധുനിക ഓഫീസ് സ്ഥലം, ഇൻകുബേഷൻ സെൻറർ, ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങളുള്ള ലാബ് മൊഡ്യൂളുകൾ എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ, വലുതും സംയോജിതവുമായ ബയോ കമ്പനികൾക്ക് അവരുടെ കാമ്പസുകളും സജ്ജീകരിക്കാൻ ഉപയോഗപ്രദമായ മോഡുലാർ ഓഫീസുകളും ചെറുകിട, സ്റ്റാർട്ടപ്പ് കമ്പനികൾക്ക് ആയി wet & dry ലാബുകൾ സ്ഥാപിക്കുന്നതിനായി വികസിപ്പിച്ച പ്ലോട്ടുകളും പാർക്കിൽ സജ്ജമാക്കുന്നുണ്ട്. 20 മീറ്റർ വീതിയുള്ള Internal റോഡുകൾ ഉൾപ്പെടെ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പ്രതിദിനം ഒരു ദശലക്ഷം ലിറ്റർ വെള്ളവും 6 MVA വൈദ്യുതിയും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആൻറ് എൻവയോൺമെൻറ് (KSCSTE) സ്ഥാപിച്ച ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്ററിനറി സയൻസസ് ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (K-VASU) സ്ഥാപിച്ച റിസർച്ച് കം ലേണിംഗ് സെൻറർ എന്നിവയാണ് പാർക്കിൽ പ്രവർത്തിക്കുന്ന പ്രധാന പദ്ധതികൾ KSCSTE യ്ക്കു വേണ്ടി നിർമ്മിക്കുന്ന 80,827 ചതുരശ്രയടി വിസ്തീർണ്ണമുള്ള അഡ്മിൻ ബ്ലോക്ക്, ബയോടെക് ലാബ് ബ്ലോക്കിൽ ഉൾപ്പെട്ട കോൺഫറൻസ് റൂം, |

| | | | |
|---|---|---|---|
| | | | ഓഫീസ് സ്ഥലം, ലബോറട്ടറി എന്നിവയുള്ള, വൈറോളജി പ്രോജക്ടിന്റെ അടുത്ത ഘട്ടത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. 22.07.2021 ന് വിളിച്ചുചേർത്ത ജില്ലാ വ്യാവസായിക ഭൂമി ആലോട്ട്മെന്റ് കമ്മിറ്റി (DILAC) വിവിധ കമ്പനികൾക്ക് 11 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്, ഇതിലൂടെ 200 കോടി രൂപ മുതൽമുടക്കും 650 ൽ അധികം ആളുകൾക്ക് നേരിട്ട് തൊഴിൽ നൽകാനും സാധിക്കുന്നതാണ്. ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ നിർമാണ യൂണിറ്റ് സ്ഥാപിക്കാനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് വിവിധ വാക്സിൻ നിർമാണ കമ്പനികളുമായി പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ചില കമ്പനികൾ താൽപര്യം പ്രകടിപ്പിച്ചിട്ടുമുണ്ട്. ആദ്യ ഘട്ടത്തിലെ മിച്ചമുള്ള 25 ഏക്കർ ഭൂമി, ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. പാർക്കിന്റെ വികസനത്തിന്റെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്തിട്ടുള്ളത് KIIFB ധനസഹായത്തിലൂടെയാണ്. പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) 301.17 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 86 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി ഇതുവരെ 170 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി KIIFB യിലേക്ക് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിനായി കണക്കാക്കുന്ന ചെലവ് 18 കോടി രൂപയാണ്. കൂടാതെ കെ.എസ്.ഐ.ഡി.സി ശ്രീ ചിത്രതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുമായി (SCTIMST) ചേർന്ന് സംയുക്ത സംരംഭമായി ലൈഫ് സയൻസ് പാർക്കിലെ (ഘട്ടം 1 ന്റെ 9 ഏക്കർ സ്ഥലത്ത്) ഒരു മെഡിക്കൽ ഡിവൈസസ് പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കെ. എസ്. ഐ. ഡി. സി. ക്ക് പ്രത്യേക പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (ഡി) | കേരളത്തിലെ യുവസംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ. എസ്. ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം. (സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരേക്കാൾ അവരെ തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം നല്കി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നല്കി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇത് വരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. ഈ സംരംഭങ്ങൾ ആയിരത്തിൽപ്പരം തൊഴിലവസരങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ